# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.572 — 29.10.2019- ൽ മറുപടിക്ക്

### ചെറുകിട വ്യവസായ സംരംഭങ്ങൾ ആരംഭിക്കുവാനുള്ള അടിസ്ഥാന സൗകര്യങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി.ഇ.എസ്.ബിജിമോൾ | ശ്രീ. ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |

എ) വിവിധ മേഖലകളിൽ സാങ്കേതിക പരിജ്ഞാനം ആർജ്ജിച്ചിട്ടുള്ള യുവജനങ്ങൾക്ക് സ്വയം സംരംഭകരായി മാറുവാൻ പ്രചോദനവും ആത്മവിശ്വാസവും നൽകുന്ന എന്തൊക്കെ പദ്ധതികളാണ് വകുപ്പ് ആവിഷ്കരിച്ചിട്ടുള്ളത്;

എ) സാങ്കേതിക പരിജ്ഞാനം നേടിയവർ ഉൾപ്പടെയുള്ള യുവജനങ്ങൾക്ക് പൊതുവായി ചുവടെ പറയുന്ന സംരംഭക സഹായ പദ്ധതികൾ അനുവദിച്ചുവരുന്നു.

- സംരംഭക സഹായ പദ്ധതി പ്രകാരം വനിതാ സംരംഭകർക്കും യുവ സംരംഭങ്ങൾക്കും സ്ഥിരമൂലധന നിക്ഷേപത്തിന്റെ 20% പരമാവധി 30 ലക്ഷം രൂപ സാമ്പത്തിക സഹായം നൽകുന്നു.
- സ്കൂൾ, കോളേജ് തലത്തിലെ വിദ്യാർത്ഥികളിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനായി ജില്ലകളിൽ ഇ.ഡി ക്ലബ്ബുകൾ (Entrepreneur Development Club) പ്രവർത്തിച്ചുവരുന്നു.
- സംരംഭകർക്ക് വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ ലഭ്യമാക്കുന്നതിനും, അവർ നേരിടുന്ന സാങ്കേതിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടിയും 14 ജില്ലാ വ്യവസായ കേന്ദ്രങ്ങളിലും ബിസിനസ്സ് ഇൻകുബേഷൻ സെന്ററുകൾ രൂപീകരിച്ചിട്ടുണ്ട്.
- ബ്ലോക്ക്/ മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ/ ITI, പോളി ടെക്നിക്, ആർട്സ് & സയൻസ് കോളേജ് തലത്തിൽ സംരംഭകത്വ ബോധവൽക്കരണ പരിപാടികൾ (EAP) നടത്തിവരുന്നു.
- ജില്ലാതലത്തിൽ അനുയോജ്യമായ മേഖലയിൽ സംരംഭകത്വ വികസന പരിപാടി(EDP) നടത്തിവരുന്നു.

| | |
|---|---|
| | • നിലവിലുള്ള സംരംഭകരും, നവ സംരംഭകരും, സാമ്പത്തികാനുബന്ധ സ്ഥാപനങ്ങളും, ഏജൻസികളും തമ്മിലുള്ള ആശയവിനിമയം വഴി നൂതന പ്രൊപ്പോസലുകൾ കണ്ടെത്തുന്നതിനായി നിക്ഷേപ സംഗമങ്ങൾ നടപ്പിലാക്കി വരുന്നു.<br>• എം.എസ്.എം.ഇ മേഖലയിലെ സാങ്കേതിക മുന്നേറ്റങ്ങൾ പരിചയപ്പെടുത്തുന്നതിനും, സാങ്കേതികപരമായ നൂതന ആശയങ്ങളും പ്രവണതകളും സജ്ജമാക്കുന്നതിനും, സംരംഭകർക്ക് സാങ്കേതികപരമായി ഉള്ള സംശയങ്ങൾ ദൂരീകരിക്കുന്നതിനും വേണ്ടി ടെക്നോളജി ക്ലിനിക്കുകൾ പ്രവർത്തിച്ചുവരുന്നു.<br>• ജില്ലാതലങ്ങളിൽ അഭ്യസ്തവിദ്യരും തൊഴിൽ രഹിതരുമായ യുവാക്കളെ സംരംഭകരാക്കി മാറ്റാനായി നൈപുണ്യ വികസന പരിശീലനങ്ങൾക്കൊപ്പം, ILO പരിശീലനവും ടെക്നോളജി മാനേജ്മെന്റ് ഡെവലപ്പ്മെന്റ് പ്രോഗ്രാം വഴി നൽകുന്നുണ്ട്. |
| ബി) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതുതായി ആരംഭിക്കുവാൻ കഴിഞ്ഞിട്ടുള്ള ചെറുകിട വ്യവസായ സംരംഭങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 30/09/2019 വരെ 49449 MSME യൂണിറ്റുകൾ ആരംഭിക്കുകയും ഈ യൂണിറ്റിലൂടെ 4418.40 കോടി രൂപയുടെ നിക്ഷേപവും 172979 പേർക്ക് തൊഴിലും ലഭ്യമായിട്ടുണ്ട്. |
| സി) ചെറുകിട വ്യവസായ സംരംഭങ്ങൾ ആരംഭിക്കുവാൻ കഴിയുന്ന അടിസ്ഥാന സൗകര്യങ്ങൾ മിനി ഇൻഡസ്ട്രിയൽ പാർക്ക് മാതൃകയിൽ പഞ്ചായത്ത് തലത്തിൽ നിർമ്മിക്കുവാനുള്ള പദ്ധതി പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | സി) തദ്ദേശ സ്ഥാപനങ്ങളുടെ കൈവശമുള്ള ഭൂമിയിൽ വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനുള്ള പശ്ചാത്തല വികസനത്തിനായി വ്യവസായ വാണിജ്യ വകുപ്പിന്റെ ധന സഹായത്തോടെ വ്യവസായ പാർക്കുകൾ / എസ്റ്റേറ്റുകൾ/ ഗാലകൾ എന്നിവ പി.പി.പി മോഡലിൽ സ്ഥാപിക്കുന്ന പദ്ധതി നിലവിൽ നടപ്പിലാക്കി വരുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**